**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 2642

18.06.2018-ൽ
മറുപടിയ്ക്ക്

**വാഴക്കാട് ജംഗ് ഷൻ വിപുലീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു. ആർ. പ്രദീപ് | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

(എ) തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ സംസ്ഥാന പാതയിലെ വാഴക്കാട് ജംഗ് ഷനിൽ ഇടക്കിടെ വാഹനാപകടങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്ത് ഈ ജംഗ് ഷനിലെ റോഡിൽ ഡിവൈഡർ സ്ഥാപിച്ച് ഗതാഗത നിയന്ത്രണ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(എ) ഏകദേശം പത്ത് വർഷങ്ങൾക്കു മുമ്പ് തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ സംസ്ഥാന പാതയിലെ വാഴക്കാട് ജംഗ് ഷനിൽ ഡിവൈഡർ സ്ഥാപിച്ചതു മൂലം രാത്രികാലങ്ങളിൽ അപകടങ്ങൾ പതിവായതിനെ തുടർന്ന് പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഡിവൈഡർ നീക്കം ചെയ്തിട്ടുള്ളതാണ്.

(ബി) എങ്കിൽ ഡിവൈഡർ സ്ഥാപിക്കുന്നതിനും ജംഗ് ഷൻ വിപുലീകരിക്കുന്നതിനും ആവശ്യമായ തുക അനുവദിച്ച് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

(ബി) പ്രസ്തുത സ്ഥലത്തെ ടോപ്പോഗ്രാഫിക് സർവ്വേ നടത്തിയതിൻ പ്രകാരം ജംഗ് ഷൻ വികസനത്തിനായി സ്വകാര്യ വ്യക്തികളുടേയും, വനം വകുപ്പിന്റെയും സ്ഥലം ആവശ്യമായി വരുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വനം വകുപ്പിന്റെ ഭൂമി വിട്ടുകിട്ടുന്നതിനു വേണ്ട നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ